LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്ര, എസ്.റ്റി ഭാരത് ദർശൻ യാത്ര എന്നിങ്ങനെ രണ്ടുതരം ഭാരതദർശൻ യാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്.

(സി) ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 18- നും 40- നും മദ്ധ്യേ പ്രായമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6- ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ആദ്യ പട്ടിക വർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെയും രണ്ടാമത് പട്ടിക വർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയും സംഘടിപ്പിച്ചു.

യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ്

305 (694) ശ്രീ. വി. ടി. ബൽറാം :

ശ്രീ.ഹൈബി ഈഡൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) യുവജനകാര്യവകുപ്പു വഴി സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

കേരളോൽസവങ്ങളിലെ പങ്കാളിത്തം

306 (695) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോൽസവങ്ങളിലെ പങ്കാളിത്തക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015-ൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോൽസവം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളോൽസവത്തിൽ എത്ര പേർ മത്സരാർത്ഥികളായി പങ്കെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) സംസ്ഥാനതല കേരളോൽസവത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്നവർക്ക് സർക്കാർ ജോലി കിട്ടാൻ വെയിറ്റേജ് നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്ത കുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ്

LIBRARY ARCHIVES Kerala Legislative Assembly